**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.8131 — 17-07-2014-ൽ മറുപടിയ്ക്ക്

## വ്യാജവും കാലാവധി കഴിഞ്ഞതുമായ മരുന്നുകളുടെ വിൽപന തടയുന്നതിനുള്ള പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| (എ) വ്യാജ മരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണംചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ വ്യാജ മരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും വിതരണം ചെയ്തതിന് എത്ര മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടി എടുത്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; | (ബി) തിരുവനന്തപുരം ജില്ലയിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ വില്പന നടത്തിയതിനു രണ്ട് സ്ഥാപനത്തിനെതിരെയും, ഇടുക്കിയിൽ 2 സ്ഥാപനത്തിനെതിരെയും, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോന്നും ഉൾപ്പെടെ 6 സ്ഥാപനങ്ങൾക്കെതിരെ കോടതിയിൽ കേസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) വ്യാജ മരുന്നുകൾ അന്യസംസ്ഥാനത്തുനിന്നും എത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, ഔഷധ മൊത്ത വിതരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുമ്പോൾ, മരുന്നുകളുടെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കെടുക്കുകയും പ്രസ്തുത പരിശോധനയിൽ നിശ്ചിത ഗുണനിലവാരം പുലർത്താത്ത മരുന്നുകളുടെ വില്പന സംസ്ഥാനത്ത് ഡ്രഗ്സ് ഇൻസ്പെക്ടർമാർ യുദ്ധകാലാടിസ്ഥാനത്തിൽ തടയാറുണ്ട്. ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കുന്ന മരുന്നുകളുടെ വിവരം വെബ്സൈറ്റ് വഴിയും എസ്.എം.എസ് വഴിയും ഫാർമസിസ്റ്റ്, ഡോക്ടർമാർ, മെഡിക്കൽ ഷോപ്പുടമകൾ, എന്നിവരെ അറിയിക്കാറുണ്ട്. പരാതിയുടെ അടിസ്ഥാനത്തിലും ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്ന് പരിശോധനയ്ക്കെടുക്കാറുണ്ട്. മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, എന്നിവിടങ്ങളിലെ പരിശോധന വേളയിൽ മരുന്നിന്റെ പർച്ചേയ്സ് രേഖകൾ പരിശോധിച്ച് അപാകതകൾ ഉണ്ടോ എന്ന് പരിശോധിക്കാറുണ്ട്. |
| (ഡി) മെഡിക്കൽ സ്റ്റോറുകളിൽ വ്യാജ മരുന്നും കാലാവധി കഴിഞ്ഞ മരുന്നും വിൽക്കുന്നുണ്ടോയെന്നു പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; | (ഡി) ഡ്രഗ്സ് ഇൻസ്പെക്ടർമാർ മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, എന്നിവിടങ്ങളിലെ പരിശോധന വേളയിൽ ഇക്കാര്യം പരിശോധിക്കാറുണ്ട്. വ്യാജ മരുന്നുകളുടെയും കാലാവധി കഴിഞ്ഞ |

| | |
|---|---|
| | മരുന്നുകളുടെയും വില്പന തടയാൻ ഡ്രഗ്സ് ഇൻസ്പെക്ടർമാർ നടപടി എടുക്കാറുണ്ട്. |
| (ഇ) ഇത്തരം മരുന്നുകളുടെ വില്പന തടയാൻ മെഡിക്കൽ സ്റ്റോർ കേന്ദ്രീകരിച്ച് പരിശോധന നടത്താറുണ്ടോ ; വിശദമാക്കുമോ ? | (ഇ) പരിശോധന നടത്താറുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, ഔഷധ മൊത്ത വിതരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുമ്പോൾ, മരുന്നുകളുടെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കെടുക്കാറുണ്ട്. പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് തെളിഞ്ഞാൽ സംസ്ഥാനത്ത് അത്തരം മരുന്നുകളുടെ വില്പന തടയാറുണ്ട്. |

സെക്ഷൻ ഓഫീസർ